

Dr. Sheeba P.M.

# MEMORIES From First MBBS Days

I have never been good at writing. When Zebu asked me to write something for our souvenir, I didn't think I would have the courage to write. Then I pondered, if not now, I would never write anything in this life. Thank you Zebu for this opportunity; not in my wildest dreams had I thought of such an endeavor. I want to share an embarrassing event from my time as an MBBS student.

Let me give you a quick rundown of my life prior to enrolling in MBBS. I was the first-born child of a middle class household. Naturally everyone had lofty expectations for me. I was a timid, shy girl with no notion about what I wanted to do with my life. (When my daughter declared her plans after her tenth grade exams, I was so proud of her as I hadn't any at that age). I managed to get good grades at school. I didn't master my lessons out of the sheer joy of learning, but rather because I didn't want to offend my teachers. I couldn't handle the consequences of getting bad grades. I detested feeling embarrassed for any reason. So, when I reached the tenth grade I made an effort to maintain the reputation I had worked so hard to build. But what I was going do after school was a mystery to me. Fortunately, I knew people who had their entire future planned out. I discovered that the majority of them intended to enrol in St. Mary's College, Thrissur in order to take Prof PC Thomas sir's entrance coaching sessions. I also decided to join St Mary's as it meant I will be with my friends for another two years. Another conundrum was to choose between Biology and Maths. I cherished Biology. However, choosing Biology meant you were destined to become a doctor. (Those days, everyone despised other possibilities like BSc Zoology/ Botany). I wasn't sure if I was intelligent enough to achieve that aim. So, in order that a back up plan is in place, I took additional Maths; getting into Engineering college was a piece of cake compared to getting into MBBS. I struggled to balance college and entrance classes.

During my second year of pre-degree, most of my friends dropped additional Maths. I lacked the guts to do so as I was almost certain of failing to gain admission to a Medical College. Also it became more and more obvious to me that I was not a good fit for the role of a doctor. So I took Maths lessons seriously. To be honest, I

enjoyed those classes. Not only that, ending it meant spending the entire Sunday in the hostel.

To cut to the chase, I got through entrance exam and was qualified to join both Medicine and Engineering. My folks were overjoyed with my accomplishment. They assured me that I could take whatever course I desired. As the realisation that I am not fit to be a doctor had dawned on me, I declared confidently that I wanted to pursue Engineering. All hell broke loose after that. The word spread quickly. The days that followed were full of emotional blackmailing and nonstop advise from everyone in my family and that sapped all of my energy. Many of my relatives called me to enlighten me about the perks of being a doctor. (The irony of this was none of them were doctors and none of their children planned to be). The only doctor in our entire family advised me that only if I really liked the idea of being a doctor should I join MBBS. She even discussed the drawbacks of practicing Medicine with my parents. All that fell on deaf ears. I was never strong to make decisions for myself, especially when they were life-changing. Inorder to avoid conflict I was always willing to accept other people's choices. It wasn't any different this time.

I enrolled at the Government Medical College, Kozhikode. On the admission day, everyone seemed ecstatic, while I had the expression of a teary-eyed female lead in some old Malayalam movie. The fact that I still had my best friend with me was the only positive aspect of this whole situation. As I established new friendships, life started to become more bearable. The major issue I faced those days was I couldn't bring myself to learn the first year subjects Anatomy and Physiology. I rarely listened to the lecture classes. I tried to keep my thoughts as far away from dissection table as possible. I dreaded the exams, but I couldn't force myself to sit down and study. Also, I realised that I don't have to keep up appearances here. I was just one among the 200 students of that batch. It was unlikely that




some faculty would actually notice my poor performance in exams. Of course I hoped and prayed that some of my classmates fared worser than me. Eventually the first sessional exam arrived. I didn't spend much time with the books. I still regretted choosing this course. I failed in both Anatomy and Physiology, as expected. (No! This is not that embarrassing moment). I was not overly depressed since I had company.

Biochemistry was a different story altogether. I was fascinated by this subject. My friends always thought that my interest in subjects were strange. (Can't blame them; I adored Microbiology and SPM as well).I listened intently in Biochemistry lecture classes. I am not sure, but I believe I learned it at hostel too. I did well in the first sessional Biochemistry exam. I waited with bated breath for the Biochemistry results to be posted on the bulletin board. I desperately needed to see a pass mark next to my name. The day arrived, and the grades were posted. I was confident that I would pass. I ran into some of my friends who had done well in the other two subjects on my way to the Biochemistry department. They had got just pass marks in Biochemistry. My heart sank. It felt like a far-fetched idea to pass Biochemistry. I was trying to control my palpitations when I reached the notice board. I went down the list till I saw my name. When I found out I had passed I felt so relieved and my heart was humming my favourite tunes. I would have been devastated had I not passed in my favourite subject. I was really grateful to God. After my adrenaline rush had




worn off, I checked the entire list to have a look at scores of my batchmates. (I had fled when I saw my Anatomy and Physiology scores. I had no desire to see anyone else's marks).

I realised all of a sudden that my marks were on par with those of our class toppers! I somehow felt humiliated. Someone who had failed in the other two subjects was among the top 20 of Biochemistry. It was too much for me to take in. I had intended to fly back to the hostel joyously, but instead I wanted to hide from everyone. I couldn't shake the impression that my batchmates were equally surprised and were discussing about this miracle. I could literally hear them talking about this for days. (As if they had nothing better to do! The chances that anyone had actually noticed my marks were slim).

Days passed and we returned to our hectic lives. I finally got rid of all those delusions. Again we had sessional exams, and the marks were a repetition of my first sessional. I learned to face people even with those conflicting grades. Just when I thought I had everything under control, Biochemistry department dealt me one more blow. A notice was posted along with the list of students who were eligible to take the gold medal exam in Biochemistry, (Yeah! This time you got it right. My name was on the list). This went way too far, I mean that list had the names of all our class toppers. What the heck was my name doing there? Once again I became delusional and I avoided eye contact with anyone and somehow reached the hostel. I wished I could simply vanish into thin air. I wished I had scored a little less so that I would not have met the cut-off for this exam. That was probably the most mortified I ever have been. For the first time I realised how embarrassed you can be over the one nice thing that you did in that entire year. It never made sense to me, being ashamed of something I should be proud of!

# എന്റെ ക്യാമ്പസ്സ്

## 25 വർഷങ്ങൾക്കു മുൻപ്



ഡോ.റോസ്മി വർഗീസ്

**1998** മുതൽ 2003 വരെയുള്ള കാലയളവിൽ കോഴിക്കോട് മെഡിക്കൽ കോളേജ് കാമ്പസിൽ ഞാൻ അനുഭവിച്ച സ്വാതന്ത്ര്യവും സുരക്ഷിതത്വവും അതിന് മുൻപോ പിൻപോ പൂർണ്ണതോതിൽ അനുഭവിക്കാൻ സാധിച്ചിട്ടുണ്ടോ എന്ന് സംശയമാണ്. രാത്രി 9 മണിവരെ തുറന്നുകിടക്കുന്ന ഹോസ്റ്റൽ ഗേയ്റ്റുകളും ലൈബ്രറിയും. 25 വർഷങ്ങൾ മുൻപ് നമുക്ക് ഇത്രയേറെ സ്വാതന്ത്ര്യം ലഭിച്ചിരുന്നുവെങ്കിലും ആരും അത് ദുരുപയോഗപ്പെടുത്തിയിട്ടില്ല. ആർക്കും ഒരു മോശം അനുഭവം ഉണ്ടായതായും അറിയില്ല. കോഴിക്കോട് ബീച്ചിലും മിഠായി തെരുവിലുമൊക്കെ കറങ്ങിയിട്ട് 9 മണിക്ക് ഹോസ്റ്റലിൽ കയറിയാൽ മതിയായിരുന്നു. കോഴിക്കോട് നഗരവും മെഡിക്കൽ കോളേജ് ക്യാമ്പസും അത്രയധികം സുരക്ഷിതമായിരുന്നു. കാഷ്വാലിറ്റി ഡ്യൂട്ടിക്കിടെ രാത്രി 2 മണിക്കും ധൈര്യമായി മിൽമ ബൂത്തിൽ പോവാമായിരുന്നു. ഒരു മോശം കമന്റ്പോലും കേട്ടിട്ടില്ല. ലേബർ റൂം പോസ്റ്റിംഗിന് ഇടയിൽ പാതിരാത്രിക്ക് തട്ടുകടയിൽ നിന്ന് കിട്ടുന്ന Scrambled Egg ഉപ്പുമാവ് with Lime ന്റെ രുചി നാവിൽ ഇപ്പോഴുമുണ്ട്. ഏതു രാത്രിയിലും ധൈര്യമായി ക്യാമ്പസിലൂടെ നടക്കാമായിരുന്നു. ഒരുപക്ഷേ കോഴിക്കോട് മെഡിക്കൽ കോളേജ് കാമ്പസിന് മാത്രം നൽകാൻ സാധിക്കുന്ന സുരക്ഷിതത്വം.



# ഒരു ഓർമ്മക്കുറിപ്പ്



ഡോ.ഷാന്റി സെബാസ്റ്റ്യൻ

**1998** ഡിസംബർ 29 രാത്രി ഏതാണ്ട് 10 മണിയോടടുത്തിരിക്കുന്നു. “ആ പുസ്തകമെടുത്തുവെച്ച് നിനക്ക് ശരിക്ക് ഉറങ്ങിക്കൂടെ?” വാണിയുടെ ശബ്ദം കേട്ട് ഞാൻ ഞെട്ടിയുണർന്നു. Axillary nerve ന്റെ കോഴ്സ് പഠിച്ച് എപ്പോഴോ ഉറക്കത്തിലേക്കു വീണുപോയതായിരുന്നു. Axillary nerve നെ ഇന്നുതന്നെ വരുതിയിലാക്കണം. കുളിച്ച് ഫ്രഷായിട്ടാവാം എന്നു കരുതി ബക്കറ്റുമെടുത്ത് ഞാൻ ബാത്ത്റൂമിലേക്ക് വെച്ചു പിടിച്ചു.

അത്രയേ ശരിക്ക് ഓർമ്മയുള്ളൂ. ആരൊക്കെയോ ചേർന്ന് ഒരു ട്രോളിയിൽ എന്നെ ഉന്തിക്കൊണ്ടു പോവുന്നതിന്റെ അവ്യക്തമായ ഒരു തോന്നലുണ്ടായി. അർദ്ധബോധാവസ്ഥയിൽ സി.ടി, സ്കാനെന്നോ, ഇസിജിയെന്നോ ഒക്കെ കേൾക്കുന്നുണ്ടായിരുന്നു. കണ്ണുകൾ തുറക്കാൻ പറ്റാത്തപോലെ. തലവേദനയും. ടെസ്റ്റുകളൊക്കെ കഴിഞ്ഞപ്പോൾ Subdural hematoma ആണെന്നും ശക്തമായ വീഴ്ചയിലുണ്ടായതാവാമെന്നുമൊക്കെ പലരുടെയും സംസാരത്തിൽ നിന്ന് മനസ്സിലായി. Subdural Hematoma എന്നൊരു അവസ്ഥയെക്കുറിച്ച് അതിനു മുമ്പൊന്നും കേട്ടിട്ടേയില്ല. കാഷ്വാലിറ്റിയുടെ മുകളിലുള്ള ഹെഡ് ഇൻഞ്ചുറി ഐസിയുവിലായിരുന്നു ആദ്യത്തെ രണ്ടു ദിവസം. പിന്നെ ഒരാഴ്ച സ്റ്റുഡന്റ്സ് സിക്ക് റൂമിലും. ആ ദിവസങ്ങൾ 42-ാം ബാച്ചിന്റെ ഒരുമയുടെയും സൗഹൃദത്തിന്റെയും ഒരു വലിയ തുടക്കം ആയിരുന്നു. ഏല്ലാ ദിവസവും 3 മണിക്ക് ക്ലാസ്സ് കഴിഞ്ഞാൽ എല്ലാവരും എത്തും. കൂട്ടമായും ഒറ്റക്കും. ആർക്കും ആരെയും വലിയ പരിചയം ഒന്നുമില്ല. ഒന്നാം വർഷം എം.ബി.ബി.എസ് ന് ചേർന്നിട്ട് കഷ്ടി 2 മാസം ആവുന്നതേയുള്ളൂ. പക്ഷേ സ്വന്തം ബാച്ചിലെ ഒരു കുട്ടി വീണു Subdural haematoma ആയിട്ട് സിക്ക് റൂമിൽ ഉണ്ടെന്ന് കേട്ട് ഓരോരുത്തർ എത്തി. എല്ലാവരും സംസാരവും പാട്ടും കളികളും ഒക്കെയായി..എനിക്കും ശക്തമായ തലവേദനക്കിടയിൽ ഒരു ആശ്വാസം ആയി അതൊക്കെ...സൗഹൃദങ്ങൾ ഉണ്ടായി... ബാച്ച് സ്പിരിറ്റ് ആദ്യമായി വളർന്നത് എന്റെ ഹെഡ് ഇഞ്ചുറിയോടെ ആണെന്ന് ഞാൻ ഇന്നും വിശ്വസിക്കുന്നു.. ശക്തമായ തലവേദനക്കിടയിലെ ആശ്വാസമായെത്തിയ ഓരോ സൗഹൃദങ്ങളെയും ഇന്നും ഞാൻ ഹൃദയത്തോട് ചേർത്ത് വയ്ക്കുന്നു.



# The Revelation



Dr. Vidya Ramdas

Stepping into the crowd with my mom one day
I had the epiphany
“being a doctor is so cool.”
People shower you with love and goodies
You’ll be rich and famous
and people look upto you.
Then came days of hard work and sweat and prayers
And into the world of CMC I set
Heart filled with hope and doubts and
eagerness to prove ones worth
From a protected childhood to an unchartered territory
Days of learning and discovery
Being a part of the flamboyant 42 nd
I asked myself; do I belong here?
But decided to give it a try and lay off self doubt.
There was never a dull moment with the 42 nd batch.
With its brilliant and the enterprising,
the kuthists and the ever so cools, the
funny and the serious, the outspoken
and the reticent, the romantics and the social activists,
the grogeouses and the handsomes, the frivolous and
the religious, the sportmen and the artists, the doubtful
and the daring, the tall and the short.
All rooting for each other and
occasionally fighting it out.
But sure we grew together, learning from our follies and
inspiring one another.
There were those who showed us less is more and
some who showed more is never less.
They kept you grounded and you
realised there’s space for all
There was fun and frolic everywhere
with endless time at hand
Without the insta reels and the broadband
We slipped and fell several times, loving
hands held us up each time.
Though looking back so many things make me cringe
Those were surely the best days of my
life-with friends and loving family closeby..
The days in CMC just a teaser, I slowly ventured into the
real world of medicine, caring for the smallest
of the small.
Ah! then the realisation set in, this is not
a world of love or goodies,
It’s all about blood and sweat and you
might not get to rest.
The awe and respect now replaced by
suspicion and mistrust.
But the joy does surface when a life is saved,
or you see a smile on a baby’s face.
Sometimes when I doubt whether all this is worthwhile,
I look at my mom who’s now 75 and
raring to go at 3.45 am.
Then the real epiphany sets in
The only thing that matters is to make each day count
And keep touching lives
Proud to be a part of the 42nd team
Each one uplifting many a soul and
making a difference each day.

# മധ്യം



ഡോ. സുനീഷ് കൃഷ്ണൻ

നോക്കൂ,
യൗവനം
ഒരു വെള്ളെഴുത്തിന്റെ അകലത്തിലായിക്കഴിഞ്ഞു.
ചില വരികൾ വെട്ടിക്കളയാം.
ചില വാക്കുകൾ പറയാതെ കഴിക്കാം.
ചില ശ്വാസങ്ങൾ എടുക്കാതിരിക്കാം.
അകമഴിയുന്നു.
പുറം മുറുകുന്നു
മാസത്തവണകളായി
അടഞ്ഞു തീരേണ്ട കടമാണോ?
ഏതോ വണ്ടിച്ചെക്കിലെ തുകയാണോ?
പെൻഷൻ പ്രായം ഇനിയും കൂട്ടരുതേ
എന്ന പ്രാർത്ഥനയാണോ?
ബാല്യത്തിന്റെ നെല്ലിക്കാച്ചവർപ്പുകൾ
ഒരുമിച്ച് മധുരിച്ചതാണോ
മൂത്രത്തിലെ പഞ്ചസാര?
വ്യാകരണ ക്ലാസ്സിൽ
സന്ധി സന്ധി സന്ധി എന്ന്
കുട്ടികൃഷ്ണൻ മാഷ് പഠിപ്പിച്ചത്
ഇപ്പോഴാണോ മനസ്സിലാവുന്നത്?
ചില ചില്ലകൾ തളിർക്കുന്നു.
ചിലത്, കരിഞ്ഞുണങ്ങുന്നു
കേൾക്കുന്നില്ലേ,
പ്രപഞ്ചത്തെ
ആറ്റത്തിലേക്ക് സ്ഫുടം ചെയ്യാൻ
ദൈവം കിതച്ചതിന്റെ ഒച്ച?





ഡോ. എയ്ഞ്ചൽ ലൂസി ജെയിംസ്

# ഒരുവട്ടം കൂടി എന്നോർമകൾ



**രാ**വിലെ ഒൻപതരമണി. ലേബർ റൂമിൽ എല്ലാവരും പ്രസന്നവദനരായിരിക്കുന്നു. പതിവില്ലാതെ ശിശുരോഗ വിദഗ്ധൻ നഴ്സുമാരുമായി എന്തൊക്കെയോ സംസാരിക്കുന്നു. നഴ്സുമാർ ചിരിക്കുന്നു. സുന്ദരിയായ സിസ്റ്റർ എന്റെ ചെവിയിൽ പറഞ്ഞു. "നമ്മുടെ ശിശുരോഗ വിദഗ്ധന് എന്തോ കാര്യമായ മാറ്റം. എന്താണെന്നറിയില്ല. മാഡം, എല്ലാ കാര്യത്തിനും ഉത്സാഹം. ഭയങ്കര വർത്തമാനം.'' സിസ്റ്റർ പറഞ്ഞത് ശരിയാണെന്ന് എനിക്കും തോന്നി.

"ഹലോ സാർ, എന്തുണ്ട് വിശേഷങ്ങൾ?" എന്ന് ഞാൻ ശിശുരോഗ വിദഗ്ധനോടു ചോദിച്ചു. ഒ.പിയിൽ പോകുവാൻ എഴുന്നേറ്റ ഡോക്ടർ സുസ്മേരവദനനായി പറഞ്ഞു. "ഒന്നും പറയേണ്ട, സുഹൃത്തേ, തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പഠിച്ച ഞാനും എന്റെ സുഹൃത്തുക്കളും ഞങ്ങളുടെ 30-ാം വാർഷികം ഗംഭീരമായി കൊണ്ടാടി. അതിന്റെ ഹാങ്ഓവർ ഇപ്പോഴും മാറിയിട്ടില്ല. അമേരിക്കയിലും ഇംഗ്ലണ്ടിലുമൊക്കെയുള്ളവരെല്ലാം എത്തിയിരുന്നു. ഏതായാലും ഞാൻ കഷ്ടപ്പെട്ടത് വെറുതെയായില്ല"- എന്തായിരുന്നു കഷ്ടപാട് എന്ന് എനിക്ക് മനസ്സിലായില്ല. അപ്പോൾ മാത്രമാണ് സാറിന്റെ രൂപഭാവങ്ങളിലെ മാറ്റം ഞാൻ ശ്രദ്ധിച്ചത്. അമ്പതിനോട് അടുത്ത് പ്രായം വരുന്ന ഡോക്ടറുടെ കാതിൽ കടുക്കൻ, കൈയ്യിൽ വെള്ളികൊണ്ടുള്ള ചങ്ങല, വിരലുകളിൽ ന്യൂജെൻ മോതിരം. ബ്യൂട്ടി പാർലറിൽ പോയി ഫേഷ്യൽ ചെയ്യണമെന്നുണ്ടായിരുന്നു.''മകളുടെ കോളേജ് അഡ്മിഷനുവേണ്ടി പോകേണ്ടി വന്നതിനാൽ സമയം കിട്ടിയില്ല. ഭാര്യ മുടിയിൽ ഡൈ പുരട്ടി തന്നു. ഭാര്യ തന്ന എന്തൊക്കെയോ സാധനങ്ങൾ ഞാൻ മുഖത്ത് തേച്ചുപിടിപ്പിച്ചു." ഇതൊക്കെ പറഞ്ഞുകൊണ്ട് ഡോക്ടർ മാസ്ക്ക് മാറ്റി കാണിച്ചു. ഞങ്ങൾ എല്ലാവരും ചിരിച്ചു. മാസ്ക്കില്ലാതെ ഗ്ലാമർ കൂടിയ ഡോക്ടറിന്റെ മുഖം ഞങ്ങൾ ആദ്യം കാണുകയായിരുന്നു.

ഡോക്ടേഴ്സ് റൂമിലേക്ക് കയറി കണ്ണാടിയിലേക്ക് ഞാനൊന്ന് നോക്കി. പ്രായമായി എന്ന തോന്നൽ ജനിപ്പിക്കുന്ന പല വെള്ളിവരകളും എന്നെ നോക്കി ചിരിക്കുന്നതായി തോന്നി. ശിശുരോഗ വിദഗ്ധൻ പറഞ്ഞതുപോലെ, ബ്യൂട്ടിപാർലറിൽ പോകണോ, ഫേഷ്യൽ ചെയ്യണോ? ആകെയൊരു സംശയം. അപ്പോഴാണ്, മൻസൂറിന്റെ വോയ്സ് ക്ലിപ്പ് "എയ്ഞ്ചൽ വരുമല്ലോ അല്ലേ. ടിക്കറ്റ് ബുക്ക് ചെയ്തോ? തീർച്ചയായും കാണുമെന്ന് കരുതുന്നു." സുഹൃത്ത് ബന്ധങ്ങൾ കാത്തുസൂക്ഷിക്കുവാൻ തിരക്കുകൾക്കിടയിലും കിണഞ്ഞു പരിശ്രമിക്കുന്ന മൻസൂർ എന്ന പ്രതിഭയെക്കുറിച്ച് അല്പനേരം ചിന്തിച്ചിരുന്നു. പിന്നെ മനസ്സ് ഒ.പിയുടെ തിരക്കിലേക്ക് മെല്ലെ നീങ്ങി.

വൈകുന്നേരമായപ്പോൾ സുജ മത്തായി ഫോട്ടോ പോസ്റ്റ് ചെയ്തിരിക്കുന്നു. ഡ്രസ്സ് കോഡ് അനുസരിച്ച് വാങ്ങിച്ച സാരി. ഇംഗ്ലണ്ടിലുള്ള മത്തായി വരെ സാരി വാങ്ങി. "എന്റെ ഈശോയേ, ഇനി സാരി വാങ്ങുവാനും ഇറങ്ങണം." എന്നേക്കാൾ മുമ്പേ, എന്റെ മെസ്സേജുകൾ വായിക്കുന്ന എന്റെ മക്കളുടെ സംശയം. "റോക്കിംഗ് ഗേൾസ് ആരുടെ ഗ്രൂപ്പ് ആണ്? അമ്മ ഡാൻസ് പ്രാക്ടീസ് തുടങ്ങിയോ എന്ന് ആരോ ചോദിക്കുന്നു." അതാ മറ്റൊരു വോയ്സ് ക്ലിപ്പ്. "കുട്ടികളേ ഡാൻസ് പ്രാക്ടീസ് തുടങ്ങാത്തവർ ആരൊക്കെയുണ്ട്" നമ്മുടെ പ്രിയപ്പെട്ട നർത്തകി അനിത റ്റി.വിയുടെ ശബ്ദം. അനിത അയച്ച വീഡിയോയും കണ്ടില്ല. ആകെയൊരു ടെൻഷൻ. സെപ്റ്റംബർ അവസാനം EDC ഉള്ളവരുടെ മുഖങ്ങൾ മനസ്സിൽ തെളിഞ്ഞുവരുവാൻ തുടങ്ങി. അതോടൊപ്പം തന്നെ പ്രശസ്ത കവി ഒ.എൻ.വി കുറുപ്പിന്റെ വരികളും.

"ഒരു വട്ടം കൂടി എൻ ഓർമ്മകൾ
മേയുന്ന തിരുമുറ്റത്തെത്തുവാൻ മോഹം"



# മാലിദ്വീപും 33 സുന്ദരിമാരും

ഡോ. ശുഭ കുര്യൻ, ഡോ. സിൽസില അലി, ഡോ. ജിഷ പി, ഡോ.സെബുന്നീസ

അഞ്ചു വർഷത്തെ സൗഹൃദങ്ങളും ഓർമ്മകളും വിട്ട് 2004 ൽ കോഴിക്കോട് മെഡിക്കൽ കോളേജിന്റെ പടികൾ ഇറങ്ങുമ്പോൾ എല്ലാ അനിശ്ചിതത്വത്തിലായിരുന്നു. പിന്നെ എല്ലാം ഒരു ഓട്ടപാച്ചിൽ, പിജി കിട്ടാനുള്ള ശ്രമങ്ങൾ, പിജി പഠനം, വിവാഹം, കുട്ടികൾ കുട്ടികളുടെ പഠനം, കരിയർ അങ്ങനെ ജീവിതം കെട്ടിപ്പടുക്കാനുള്ള ശ്രമത്തിലായിരുന്നു ഓരോരുത്തരും. ഈ കാലയളവിൽ ഒരു പെൺകുട്ടി കടന്നുപോകുന്ന ജീവിതഘട്ടങ്ങളൊന്നും തന്നെ പൂർണ്ണമായ രീതിയിൽ ആസ്വദിക്കാൻ കഴിഞ്ഞിട്ടുണ്ടാവില്ല ഞങ്ങളിൽ ആർക്കും. എങ്കിലും ഇടയ്ക്കുള്ള ഫോൺവിളികളിലൂടെയും മെസേജുകളിലൂടെയും ചെറിയ ചെറിയ കൂടിച്ചേരലുകളിലൂടെയും ഞങ്ങളുടെ സൗഹൃദം തുടർന്നു കൊണ്ടേയിരുന്നു. വാട്ട്സാപ്പ് കൂടി വന്നപ്പോൾ അന്നന്നുള്ള വിശേഷങ്ങൾ കൂടി പങ്കുവെയ്ക്കാനുള്ള സാധ്യതകളായി.

നാൽപതുകളുടെ ആരംഭത്തിലാണ് ഞങ്ങൾ ഞങ്ങളെകുറിച്ച് ചിന്തിച്ച് തുടങ്ങിയത് എന്ന് വേണമെങ്കിൽ പറയാം. ആൺകുട്ടികൾ മാത്രമുള്ള ട്രിപ്പുകളുടെ ചിത്രങ്ങൾ ഇടയ്ക്കിടെ മെയിൻ ഗ്രൂപ്പിൽ കാണുമ്പോൾ എന്തുകൊണ്ട് നമുക്കും ആയിക്കൂടാ എന്ന ചിന്ത പലർക്കും വന്നു. അങ്ങനെ 2020-ൽ ലസിയുടെ നേതൃത്വത്തിൽ മാലിദ്വീപ് യാത്ര ആലോചിച്ചെങ്കിലും കൊറോണ എല്ലാ സ്വപ്നങ്ങളേയും കാറ്റിൽപറത്തി. അങ്ങനെ വീട്, ഹോസ്പിറ്റൽ മാത്രമായി ഒതുങ്ങിയ ജീവിതം മടുത്തു തുടങ്ങിയപ്പോൾ ഞങ്ങൾ, എറണാകുളത്തുള്ളവർ മൂന്നാറിലേക്ക് ഒരു യാത്ര പോയി. അതും രണ്ട് ദിവസത്തേക്ക്, അതും ഒരു തുടക്കമായിരിക്കാം.

---

**ജിഷ:**

കോവിഡിനുശേഷം രണ്ട് വർഷം കഴിഞ്ഞു മെല്ലെ മെല്ലെ ജീവിതം പഴയ രീതിയിലേക്ക് തിരിച്ചുവന്നു തുടങ്ങി. അങ്ങനെയിരിക്കെ ഒരു ദിവസം അനിതയുടെ മെസേജ് വന്നു ലേഡീസ് ഗ്രൂപ്പിൽ, നമുക്ക് ഒരു ദിവസം എവിടെയെങ്കിലും ഒന്നു കൂടിയാലോ? എന്ന്, ഉറ



ങ്ങിക്കിടന്ന ഗ്രൂപ്പ് ഉണർന്നു. ചർച്ചകൾ അവസാനിച്ചത് നവംബർ 26ന് കാപ്പാട് ഒത്തുകൂടലിലായിരുന്നു. ജീവിതത്തിലെ മറക്കാനാവാത്ത ദിവസം. 20-25 വർഷം പുറകിലേക്കോടി ഞങ്ങളെല്ലാരും. പഴയ ഹോസ്റ്റൽ കാലത്തെപോലെ പാതിരാവോളം സംസാരിച്ചിരുന്നു. പൊട്ടിച്ചിരിച്ചു, പാട്ടുപാടി, നൃത്തം ചെയ്തു, ബീച്ചിലും മണലിലും കൊച്ചുകുട്ടികളെപോലെ ഓടിക്കളിച്ചു. വീഡിയോകളും റീലുകളും എല്ലാവരും മത്സരിച്ചെടുക്കുകയായിരുന്നു. റീൽസ് എക്സ്പേർട്ട് വോൾഗയായിരുന്നു എല്ലാവർക്കും നിർദ്ദേശങ്ങൾ നൽകിയത്. ഷീബ പറഞ്ഞതനുസരിച്ചുള്ള ഡ്രസ്സ് കോഡും ഫോട്ടോകളും ഒപ്പം ആഷയുടെ മോട്ടിവേഷൻ ക്ലാസും കൂടി ആയപ്പോൾ ഇനിയും ഇതുപോലെ ഒത്തുകൂടണം, പാതിവഴിയിലെത്തിയ ടൂർ പ്ലാൻ വീണ്ടും പ്രാവർത്തികമാക്കണം, തുടങ്ങിയ സുപ്രധാന തീരുമാനങ്ങളെടുത്തു അപ്പോഴേക്കും ഞങ്ങൾ.

ഞാനും അനിതയും വിനീതയും സിലുവും ചേർന്ന് ടൂർ പാക്കേജുകൾ പഠിക്കാനും ഏജൻസികളുമായി ബന്ധപ്പെടാനും തുടങ്ങി. ഡെസ്റ്റിനേഷൻ മാലിദ്വീപ് തന്നെ എന്ന് തീരുമാനിച്ചു. പല ഏജൻസികളും വേണ്ടത്ര താൽപര്യം കാണിക്കാത്തതുപോലെ തോന്നി. അപ്പോഴാണ് ഫോർച്യൂൺ ട്രാവൽസ് ന്റെ കോർഡിനേറ്ററെ ബന്ധപ്പെട്ടത്. അവർ അത് ഏറ്റെടുത്ത് ഏറ്റവും ഭംഗിയായിതന്നെ നടത്തിതന്നു. പലരുടേയും കുട്ടികൾ NEET, JEE എക്സാം എഴുതുന്നതു കൊണ്ട് അതെല്ലാം കഴിഞ്ഞുള്ള ജൂൺ മാസത്തിലാക്കാം യാത്ര എന്ന് തീരുമാനിച്ചു. അങ്ങനെ ആയിരുന്നു കോഴിക്കോട് മെഡിക്കൽ കോളേജിന്റെ ചരിത്രത്തിൽ തന്നെ ആദ്യമായി 33 വനിതകൾ മാത്രമായി നടത്തിയ മാലിദ്വീപ് യാത്രയുടെ പിറവ്.

---

**ശുഭ:**

ജൂൺ 22ന് രാവിലെ വീട്ടിൽ നിന്ന് പുറപ്പെട്ടപ്പോൾ അത്ര ഉത്സാഹമൊന്നും തോന്നിയില്ല എന്നു മാത്രമല്ല ജൂണിൽ സ്കൂൾ തുറന്നതല്ലെയുള്ളൂ എന്നൊരു ആശങ്കയും ഉണ്ടായിരുന്നു. പക്ഷേ എയർപോർട്ടിൽ ചെന്നിറങ്ങി എല്ലാവരേയും കണ്ട നിമിഷം എല്ലാ ചിന്തകളും ഉപേക്ഷിച്ച് ആ പതിനെട്ടുകാരിയിലേക്ക് പരകായപ്രവേശം നടത്തുകയായിരുന്നു. ജീവിതത്തിലെ ഒരിക്കലും മറക്കാനാവാത്ത ഒരുകൂട്ടം അനുഭവങ്ങളുടെ തുടക്കമായിരുന്നു അത്. സ്വപ്നച്ചിറകേറി ഇൻഡിഗോ വിമാനത്തിൽ ഞങ്ങൾ 33 പേർ. ഏകദേശം ഒന്നരമണിക്കൂറിനുശേഷം വിമാനം ലാൻഡ് ചെയ്യാനാരംഭിച്ചു. വിമാനച്ചിറകിനും മേഘങ്ങൾക്കും താഴെ മാലിദ്വീപിന്റെ അതിസുന്ദരമായ ചിത്രം ദൃശ്യമായി തുടങ്ങി. സമുദ്രനീലിമയും ഇടയ്ക്കിടെ കാണുന്ന ദ്വീപുകളുടെ പച്ചനിറവും ഇടകലർന്ന് അതിമനോഹരമായ ആ കാഴ്ച വർണ്ണിക്കാവുന്നതിലപ്പുറമാണ്.

വെലേന ഇന്റർനാഷണൽ എയർപോർട്ടിൽ ഇറങ്ങിയശേഷം സ്പീഡ് ബോട്ടിലാണ് പിന്നത്തെ യാത്ര ആ ബോട്ട് യാത്ര വേറിട്ട ഒരു അനുഭവം തന്നെയായിരുന്നു. പലരും പേടികൊണ്ട് കണ്ണുകൾ മുറുകെയടച്ചിരുന്നു. 30 മിനിറ്റിനുശേഷം ഞങ്ങൾ മാഫുഷി ദ്വീപിൽ എത്തി. ആയിരത്തിൽപരം ദ്വീപസമൂഹങ്ങൾ ഉള്ള മാലിയിലെ ഒരു പ്രധാന ദ്വീപാണ് മാഫുഷി. രണ്ടുമണിയോടെ ഞങ്ങൾ ട്രൈറ്റൺ പ്രസ്റ്റീജ് ഹോട്ടലിലെത്തി, ഭക്ഷണം കഴിച്ചു. പിന്നെ അവരവരുടെ മുറികളിൽ പോയി



**ജൂൺ 22ന് രാവിലെ വീട്ടിൽ നിന്ന് പുറപ്പെട്ടപ്പോൾ അത്ര ഉത്സാഹമൊന്നും തോന്നിയില്ല എന്നു മാത്രമല്ല ജൂണിൽ സ്കൂൾ തുറന്നതല്ലെയുള്ളൂ എന്നൊരു ആശങ്കയും ഉണ്ടായിരുന്നു പക്ഷേ എയർപോർട്ടിൽ ചെന്നിറങ്ങി എല്ലാവരേയും കണ്ട നിമിഷം എല്ലാ ചിന്തകളും ഉപേക്ഷിച്ച് ആ പതിനെട്ടുകാരിയിലേക്ക് പരകായപ്രവേശം നടത്തുകയായിരുന്നു.**

കുറച്ചുനേരം വിശ്രമിച്ചു. വൈകുന്നേരം എല്ലാവരും പറഞ്ഞുവെച്ച കളർ തീം ഡ്രസ്സ് ഇട്ടുവന്നു. കടലിന്റെ നിറത്തോടുയോജിക്കുന്ന സമുദ്രനീലനിറത്തിലുള്ള ഉടുപ്പുകളിൽ എല്ലാവരും അതിസുന്ദരികളായി തോന്നി.

പിറ്റേദിവസം വാട്ടർ ആക്റ്റിവിറ്റി ദിവസമായിരുന്നു. കാലാവസ്ഥ മോശമായതുകൊണ്ട് നടക്കുമോ എന്ന് സംശയമുണ്ടായിരുന്നു. പക്ഷേ കുറച്ചുകഴിഞ്ഞപ്പോഴേക്കും പ്രകൃതിപോലും ഞങ്ങൾക്കനുകൂലമായി മാറുകയായിരുന്നു. പാരാസെയിലിംഗ്, ഫൺട്യൂബ്, ജെറ്റ് സ്കീയിംഗ് എന്നിവയിലൊക്കെ രണ്ടുമൂന്ന് പേരായി തിരിഞ്ഞ് കയറാൻ തുടങ്ങി. സ്വതവേ അൽപം പേടിയുള്ളതുകൊണ്ട് പാരസെയിലിംഗ് മാത്രമാണ് ഞാൻ ചെയ്തത്. ഞാൻ സഹായിക്കാം എന്ന് പറഞ്ഞു ആഷ കൂടെ വന്ന് എനിക്ക് എല്ലാം കൃത്യമായി പറഞ്ഞുതന്നു. എന്റെ പേടി പകുതിയായി കുറഞ്ഞു. ഒരു ബോട്ടിൽ ഞങ്ങളെ കയറ്റി കുറച്ചുദൂരം കൊണ്ടുപോയി. ഞങ്ങളുടെ ഊഴം വന്നപ്പോൾ ഞാനും ആഷയും പാരച്യൂട്ടിനോട് ഘടിപ്പിച്ചിരുന്ന ബെൽറ്റിൽ കയറി മെല്ലെ മെല്ലെ ആകാശത്തേക്കുയർന്നു പൊങ്ങി. താഴെ കണ്ണെത്താ ദൂരത്തോളം കടൽ മാത്രം! മനോഹരമായ നീലനിറം ഒരു നരച്ച പച്ചനിറമായി മാറിയോ എന്ന സംശയം. ഉള്ളിലെ ഭയം പിന്നെയും തലപൊക്കി പക്ഷേ, ആഷ സംസാരിച്ചുകൊണ്ടെയിരുന്ന് എനിക്ക് ധൈര്യം തന്നു. പിന്നെ അതെല്ലാം ആസ്വദിച്ചുകൊണ്ട് കഥകൾ പറഞ്ഞും പൊട്ടിചിരിച്ചും മാലിദ്വീപിന്റെ ആകാശത്ത് കുറച്ചുദൂരം കൂടി ഞങ്ങൾ പറന്നു നടന്നു. ഡ്രോൺ വന്ന് ഞങ്ങളുടെ ഫോട്ടോയും വീഡിയോയും എടുത്തു. തിരിച്ചിറങ്ങിയപ്പോൾ കാറ്റിൽ ചെറുതായി ആടിയുലഞ്ഞു. എന്റെ ചിറകുകളെ വരിഞ്ഞു മുറുക്കിയിരുന്ന ഉൾഭയത്തിൽ നിന്നു

ള്ള മോചനമായി, എന്റെ സ്വാതന്ത്ര്യത്തിന്റെ അടയാളമായി ഞാൻ ആ വീഡിയോ സൂക്ഷിച്ചുവച്ചിരിക്കുന്നു.

എല്ലാ പരിപാടികളും കഴിഞ്ഞതിനു ശേഷം വൈകന്നേരം 5 മണിയോടെ ഞങ്ങൾ ഫിഷിംഗ് ടൂറിനായി രണ്ടു ബോട്ടുകളിൽ പുറപ്പെട്ടു. ഞാൻ ബോട്ടിന്റെ മുകൾ നിലയിൽ സ്ഥാനമുറപ്പിച്ചു. നീലക്കടലിന്റെയും നീലാകാശത്തിന്റേയും ഭംഗി മുഴുവൻ അറിഞ്ഞുകൊണ്ടുള്ള അതിസുന്ദരമായ യാത്രയായിരുന്നു അത്. കുറേ നേരം ഉൾക്കടലിലൂടെ യാത്ര ചെയ്തു ഒരിടത്തു നിർത്തി. എല്ലാവർക്കും ചൂണ്ടയും കൊളുത്തും തന്ന് എങ്ങനെ മീൻ പിടിക്കണമെന്നൊക്കെ പറഞ്ഞുതന്നു. ഇതൊക്കെ വെറും പ്രഹസനമാണെന്ന് കരുതിയിരിക്കുമ്പോഴാണ് ഷജീറയും സജ്നയും ഷാന്റിയും ഭാഗ്യവുമൊക്കെ മീനുകളുമായി വരുന്നത്. കൂട്ടത്തിൽ ഏറ്റവും വലിയ മീനിനെ പിടിച്ച് വിനീത കിരീടം സ്വന്തമാക്കി. ആ മീനിനെയാണ് അത്താഴത്തിന് ഞങ്ങൾക്ക് ഗ്രിൽ ചെയ്തു തന്നെത്.

---

## സിലു:

അടുത്ത ദിവസം Snorkelling Equipments, ലൈഫ് ജാക്കറ്റ്, പാദങ്ങളിലിടാനുള്ള ഡൈവിംഗ് ഫിൻ എന്നിവ തന്ന് അവർ നമ്മളെ ബോട്ടിൽ കയറ്റി. ബോട്ട് പോകുന്നത് സ്രാവുകൾ കൂടുതലുള്ള വല്ല ദ്വീപിലേക്കുമായിരിക്കും അതിന്റെ അടുത്ത് സ്രാവുകൾ വരുമായിരിക്കും. അവിടെ ഭാഗ്യമുണ്ടെങ്കിൽ ഒന്നോ രണ്ടോ സ്രാവിനെ കാണാൻ പറ്റുമായിരിക്കും എന്നെല്ലാമാണ് ഞാൻ വിചാരിച്ചിരുന്നത്. പക്ഷേ ബോട്ട് തിരകളെയും കടലിനേയും വകഞ്ഞുമാറ്റി ചെന്ന് നങ്കൂരമുറപ്പിച്ചത് നടുക്കടലിലായിരുന്നു. ചുറ്റും നോക്കുമ്പോൾ കരയൊന്നും കാണാനേയില്ല. അവിടെ എത്തുമ്പോഴേക്കും കൂട്ടത്തിൽ പലരും കടൽച്ചൊരുക്കുമൂലം തളർന്നിരുന്നു. ആൻ്റമാനിൽ ചെയ്തതുപോലെയുള്ള Snorkelling അല്ല ഇതെന്ന് അപ്പോൾ തന്നെ മനസിലായി. പടച്ചോനേ! നീന്താനും അറിയില്ല.!

ബോട്ടിലെ ഡൈവേഴ്സിൽ ഞങ്ങൾ ധർമ്മജൻ എന്ന് വിളിപ്പേരിട്ട ഒരാൾ കാര്യങ്ങൾ വിശദീകരിച്ചു. കൂടെ ഒരു ഉപദേശവും "You will certainly die one day, but not today" ഇവിടെയുള്ള സ്രാവുകൾ നിരുപദ്രവകാരികളാണെങ്കിലും അവയെ തൊടാനോ പ്രകോപിപ്പിക്കാനോ നോക്കരുത്. അങ്ങനെ ചെയ്താൽ അവ നിങ്ങളെ കടിക്കും. Diving Fin ഇടുന്നത് നിങ്ങളുടെ കാലുകൾ കാണുമ്പോൾ സ്രാവിന് കാല് കടിച്ചെടുക്കാൻ തോന്നാതിരിക്കാനാണ്. അപ്പോഴേക്കും ബോട്ടിൽ അവർ നേരത്തെ തയ്യാറാക്കി വച്ച ചെറുമീൻ അവശിഷ്ടങ്ങളുടെ മണം പിടിച്ച് സ്രാവുകൾ ബോട്ടിനു ചുറ്റും കറങ്ങാൻ തുടങ്ങി. നോക്കുമ്പോൾ ഒന്നും രണ്ടുമല്ല പത്തുനൂറ് സ്രാവുകൾ! വിവിധതരം, വിവിധ വലിപ്പം. മനുഷ്യന്റെ ബാക്കി ജീവനും അതോടുകൂടി പോയി. പടച്ചോനേ, കാത്തോളീ.. എന്ന് പ്രാർത്ഥിച്ചു ബോട്ടിൽ നിന്ന് സ്രാവുകൾ നിറഞ്ഞ ആ സമുദ്രത്തിലേക്ക് എടുത്തുചാടി. ആ ഒരു ചാട്ടത്തിൽ വെള്ളത്തിൽ താഴ്ന്നുപോയി. Snorkeling tube ലൂടെ ഉപ്പുവെള്ളം ഉള്ളിൽ കയറി, മൂക്കിലും തൊണ്ടയിലും നിറഞ്ഞു. എന്റെ പണി കഴിഞ്ഞു എന്നു തന്നെ ഉറപ്പിച്ചു. പെട്ടെന്ന് തന്നെ ലൈഫ് ജാക്കറ്റിന്റെ ശക്തിയിൽ സമുദ്രോപരിതലത്തിലേക്ക് പൊങ്ങിവന്നു. ഞാൻ ആ മാസ്ക് ഊരിയെടുത്ത് അതിലെ വെള്ളം കുടഞ്ഞു കളഞ്ഞു. കൂടെയുള്ള ഡൈവറിന്റെ കൈ ഞാൻ എന്റെ ജീവനെന്നോണം മുറുകെ പിടിച്ചു. അയാൾ വെള്ളത്തിൽ കമിഴ്ന്നു കിടന്നു തല വെള്ളത്തിന്റെ അടിയിലേക്കാക്കാൻ പറഞ്ഞു. അപ്പോഴാണ് സമുദ്രത്തിന്റെ ആഴം ശരിക്കും മനസിലാകുന്നത്. ഒരു പത്തിരുപത് മീറ്ററോളം കാണും. ചുറ്റും ഒരുപാട് സ്രാവുകൾ, മീനുകൾ. എന്റെ മനസ് പിടച്ചു. ഞാൻ അയാളുടെ കൈ മുറുകെ പിടിച്ചു. ഇത്ര മനോഹരമായ ഒരു കാഴ്ച ഞാൻ ജീവിതത്തിൽ കണ്ടിട്ടുണ്ടോ എന്ന് സംശയമാണ്.

ഒരുപക്ഷേ കുടുംബത്തോടുള്ള യാത്ര ആയിരുന്നെങ്കിൽ ഇത്തരം സാഹസങ്ങൾക്ക് മുതിരുമായിരുന്നില്ല. എന്നാൽ കൗമാരത്തിലെ സുഹൃത്തുക്കൾക്കൊപ്പമാകുമ്പോൾ ഞങ്ങളും ആ കൗമാരക്കാരായി മാറുകയായിരുന്നു. കുറച്ചുഭ്രാന്തൻ സുഹൃത്തുക്കളില്ലെങ്കിൽ ജീവിതം തന്നെ അപൂർണ്ണമല്ലേ?



**നോക്കുമ്പോൾ ഒന്നും രണ്ടുമല്ല പത്തുനൂറ് സ്രാവുകൾ. വിവിധതരം, വിവിധ വലിപ്പം മനുഷ്യന്റെ ബാക്കി ജീവനും അതോടുകൂടി പോയി. പടച്ചോനേ, കാത്തോളീ.. എന്ന് പ്രാർത്ഥിച്ചുബോട്ടിൽ നിന്ന് സ്രാവുകൾ നിറഞ്ഞ ആ സമുദ്രത്തിലേക്ക് എടുത്തുചാടി.**



## സെബു:



ഫോട്ടോഗ്രാഫിയോട് വോൾഗയ്ക്ക് ഒരു പ്രത്യേക മമതയുണ്ടായിരുന്നു. ചാഞ്ഞും ചരിഞ്ഞും വെട്ടം ശരിയാക്കിയും അവൾ കൊച്ചി എയർപോർട്ടിൽ നിന്നു തന്നെ ഒരു ഓളം സൃഷ്ടിച്ചു തുടങ്ങി. ഇതെല്ലാം കണ്ടിട്ടാണോ എന്തോ സിനിമ നടികളായ രജീഷ വിജയനും ആർഷയ്ക്കും ഞങ്ങളുടെ കൂടെ സെൽഫി എടുത്തേ പറ്റൂ എന്നായി. മാലിദ്വീപിന്റെ ആകാശകാഴ്ചകളൊപ്പാനായി വിന്റോ സീറ്റിൽ ഇരുന്ന പയ്യനെ ഓടിച്ചു വിടുന്ന കാഴ്ചയാണ് പിന്നെ കണ്ടത്.

കാലാവസ്ഥ അനുകൂലമല്ലാത്തതിനാൽ ഞാനും വോൾഗയും പത്തുപേർക്ക് പാരസെയിലിംഗ് ചെയ്യാൻ പറ്റാത്തതിന്റെ ദുഃഖത്തിലായിരുന്നു പാരാസെയിലിംഗിന്റെ മാസ്മരിക അനുഭൂതിയെക്കുറിച്ച് വർണ്ണിക്കാൻ ശുഭ ഞങ്ങളുടെ മുറിയിൽ വരും, ഉള്ളിലെ കുശുമ്പും കലിയും ഞങ്ങൾ കടിച്ചമർത്തും. കാരണം ശുഭ ഞങ്ങളുടെ 'ഡോളർ റാണി' ആയിരുന്നു. ആക്റ്റിവിറ്റീസിനും ഷോപ്പിംഗിനും ഒക്കെ ശങ്കയില്ലാതെ ഞങ്ങളിൽ പലർക്കും യുഎസ് ഡോളർ തന്നതിന് വോൾഗ ശുഭയ്ക്കിട്ട പേരാണിത്.

ആഴക്കടലിൽ മുങ്ങി പവിഴപ്പുറ്റുകൾ കണ്ട് സ്രാവുകൾക്കൊപ്പം നീന്തണമെന്ന അഭിലാഷം അതിതീവ്രമായിരുന്നു. ഞങ്ങളുടെ ബോട്ടിൽ ഞങ്ങൾക്കു പുറമേ, കുറേ മദാമ്മമാരും പ്രായമുള്ള ഒരു ജാപ്പനീസ് അപ്പാപ്പനും, അമ്മാമ്മയും ഒരു മംഗോളിയൻ സുന്ദരിയും ഭർത്താവും രണ്ടുമൂന്ന് വയസ് തോന്നിക്കുന്ന ഒരു ആൺകുട്ടിയും ഉണ്ടായിരുന്നു. ഉൾക്കടലിലേക്കു പോകുന്തോറും ബോട്ടിന്റെ വേഗത കൂടി ഞങ്ങളിൽ പലരെയും കടൽച്ചൊരുക്ക് ബാധിക്കാൻ തുടങ്ങി. 'ഇതെന്താടോ, രണ്ടെണ്ണം അടിച്ചിട്ടാണീ വാളു വെയ്ക്കുന്നതെങ്കിൽ ഒരു കാര്യമുണ്ട്' പദ്മജ പരിഭവിച്ചു. ഈ കൊച്ചുകുഞ്ഞിനേയും കൊണ്ട് എന്തിനാണാവോ ഈ മംഗോളിയൻ സുന്ദരി വന്നത് ഞാനും ആശയും രഞ്ജിയും അത്ഭുതം കൂറി ! 'ഈ അപ്പാപ്പനോ' ? മെറിൻ സംശയം പ്രകടിപ്പിച്ചു. 'അങ്ങേര് ചിലപ്പോ അവസാനത്തെ ആഗ്രഹം നടത്താൻ വന്നതായിരിക്കും.' വാളുവെയ്ക്കുന്നതിനിടയിലും പ്രീത പറഞ്ഞൊപ്പിച്ചു. ഞങ്ങൾ Shorkelling Equipments ഒക്കെ അണിഞ്ഞ് തയ്യാറായപ്പോഴേക്കും മദാമ്മമാരേയും അപ്പാപ്പനേയും മംഗോളിയൻ സുന്ദരിയേയും കാണാനില്ല. ഉണ്ടായിരുന്ന ചെറുവസ്ത്രങ്ങൾ വരെ വലിച്ചെറിഞ്ഞ് കടലിന്റെ അഗാധതയിലേക്ക് അവർ എടുത്ത് ചാടിക്കഴിഞ്ഞിരുന്നു. കടൽച്ചൊരുക്കിൽ നിന്ന് രക്ഷപ്പെടാൻ എത്രയും പെട്ടെന്ന് കടലിൽ ചാടിയാൽ മതി, ബിനി പറഞ്ഞതുകേട്ട് ശുഭ ഒറ്റച്ചാട്ടം, അയ്യോ ശുഭ Snorkelling equipments ഒന്നും ഇട്ടിട്ടില്ല! കുറെ ഉപ്പുവെള്ളം കുടിച്ച് ശുഭ തിരിച്ചുകേറി.

ബീച്ചിലെ വെയിലേറ്റു ഒന്നു വാടുമ്പോഴേക്കും മുനീറയും ഷജീറയും ദീപ്തിയും സൺസ്ക്രീനുമായി വരും. ഫ്രീയായിട്ടു കിട്ടുന്നതല്ലേ എന്ന് വിചാരിച്ച് എല്ലാവരും അത് കുറേ വാരിത്തേയ്ക്കും 'Consecutive application of sunscreen - efficacy in malayali women exposed to maldives sun - a double blind trial' എന്ന തങ്ങളുടെ സ്റ്റഡിയ്ക്കുവേണ്ടി തികച്ചും ബ്ലൈൻഡ് ആയ കുറേ സബ്ജക്റ്റ്സ് കിട്ടിയ ആവേശമായിരുന്നു അവർക്കെന്നു പിന്നീടാണ് ഞങ്ങൾക്കു മനസിലായത്.

Snorkelling കഴിഞ്ഞ് ഞങ്ങൾ പിന്നെ പോയത് വേറൊരു ദ്വീപിലേക്കായിരുന്നു. അവിടെ വച്ച് പൊതിഞ്ഞെടുത്ത ഉച്ചഭക്ഷണം കഴിച്ചു. പിന്നെ നീലക്കടലിൽ കുറേനേരം കളിച്ചു. Sting ray യ്ക്ക് തീറ്റ കൊടുത്ത് അതിന്റെ വാലിൽ തൊട്ടുതലോടി. ഡോൾഫിനാണെന്ന് കരുതി ഷാർക്കിനെ തൊട്ടുതലോടിയ സെബുവിനേയും വോൾഗയേയും 'Don't touch the shark' എന്നുപറഞ്ഞ് അവർ ഓടിച്ചു വിട്ടു.

അവസാനദിവസം രാത്രി Candle Light Dinner ക്രമീകരിച്ചിട്ടുണ്ടായിരുന്നു. മെഴുകുതിരിയുടെ അരണ്ട വെളിച്ചത്തിൽ കടൽകാറ്റേറ്റ് സെബുവിന്റേയും സന്ധ്യയുടേയും പ്രണയകഥകൾ കേട്ട് വോൾഗയുടേയും രമ്യയുടേയും നീലിമയുടേയും പാട്ടുകൾ കേട്ട് തമാശകൾ പറഞ്ഞ് പൊട്ടിച്ചിരിച്ച് ഞങ്ങൾ ഭക്ഷണം കഴിച്ചു. അങ്ങനെ അതിമനോഹരമായ ആ രാത്രിയും കടന്നുപോയി. പിറ്റേദിവസം ഏഴു മണിക്ക് തന്നെ Check out ചെയ്തു. 2 ബോട്ടുകളിലായി എയർപോർട്ടിലേക്ക് യാത്ര തിരിച്ചു. തുടക്കത്തിൽ കടൽ ശാന്തമായിരുന്നെങ്കിലും പിന്നീട് ഭാവം മാറി. വലിയ തിരകളിൽ ചാടിമറിയുന്ന ബോട്ട്, അൽപം പേടിയായി തുടങ്ങി. കമ്പികളിൽ മുറുകെ പിടിച്ചിരുന്ന് ഒരുവിധം കരയ്ക്കെത്തി.

ഒരുപാട് അനുഭവങ്ങളും ജീവിതത്തിലെ തന്നെ അതിസുന്ദരമായ ഓർമ്മകളുമായി ഞങ്ങൾ മാലിദ്വീപിൽ നിന്ന് മടക്കയാത്ര ആരംഭിച്ചു.

എഴുതിത്തീരാനാവാത്തത്ര കഥകൾ ഇനിയും ബാക്കിയുണ്ട്. പറഞ്ഞുതീരാത്ത വിശേഷങ്ങളുമായി അടുത്തയാത്രയ്ക്കായി കാത്തിരിക്കുന്നു.. ഞങ്ങൾ...

നന്ദി.. മൂന്നുദിവസം എല്ലാ ഉത്തരവാദിത്തങ്ങളും ഒഴിവാക്കി തന്ന് ഞങ്ങളുടെ സ്വപ്നങ്ങളുടെ കൂടെ നിന്നതിന് ഞങ്ങളുടെ ഓരോരുത്തരുടേയും കുടുംബത്തിന്, 33 പേരെയും ധീരമായി നയിച്ച ജിഷയ്ക്ക്, പിന്നെ Fortune ട്രാവൽസിനും,

33 സുന്ദരികൾക്കും വേണ്ടി,

**ശുഭ, സിലു, ജിഷ, സെബു**



# Just looks ?

Dr. Padmini Hannah Noone




Is there a Combination of looks Goes with Talent? We sometimes see someone and get the feeling they are fit for a particular job or responsibility. Is it just a fluke? Are there gene linkages between looks and talents or a particular trait? In my limited observation I find resemblances between the following celebrities from different continents and states.

## Tom Hanks and Amir Khan

At one look they are like brothers. I also feel there is a certain poise and perfection in acting which both of them have in their field of acting.









## Gregory Peck and Dev Anand

I don't think this is a discovery since Dev Anand is popularly known as the Gregory Peck of India.

## KS Chitra and Alka Yagnik

Both singers par excellence, don't they have similar features?









## George Michel and Anil Kapoor

With similar looks, sense of style and a strive for perfection, singer George Michel and actor Anil Kapoor do strike a similarity.

Do let me know if you find any patterns like this in your observation too :)

# EIGHT HAIKUS



Dr. Anish P K

**The Revenge forest**
Grows wild in the dark
island of Narcissism,
vengeance's toxic seeds.

**Wingless**
To bag birds flying
I try with tricks, and forgot
I too once had wings.

**A Beggar in Melbourne**
Eyes in his book, and
cash pile on aisle, blessed devil
this sidewalk beggar.

**Songless**
How the beast's heart burnt?
Fire in belly it had but
never heaved a song...

**Fear Chain**
Fearing ghosts, under
the bed hid the kid, crushing
a spooked out spider.

**The decision Tree**
Choices, like seeds, spawn
down below, ever unknown
pale swarming jungles.

**End of the Street**
Madman who ran off
to find the end of this street
has not come back yet.

**Old Fort**
The old fort in ruins
by war forsaken, still sea
will have its revenge



ഡോ. സിൽസില അലി

# എന്റെ ബാല്യകാല സ്മരണകൾ

മാധവിക്കുട്ടി എനിക്ക് ഏറ്റവും പ്രിയപ്പെട്ട എഴുത്തുകാരിയാണ്. മാധവിക്കുട്ടിയുടെ 'ബാല്യകാല സ്മരണകൾ' എന്റെ ഏറ്റവും പ്രിയപ്പെട്ട പുസ്തകവും. അത് ഞാൻ പലയാവർത്തി വായിച്ചിട്ടുണ്ട്. ഓരോ പ്രാവശ്യം വായിക്കുമ്പോഴും ഞാൻ കൂടുതൽ ആഴത്തിൽ ഗൃഹാതുരത്വത്തിലേക്ക് ആഴ്ന്നിറങ്ങിയിട്ടുണ്ട്. എനിക്ക് തീർത്തും അപരിചിതമായ പുന്നയൂർക്കുളവും നാലപ്പാട്ട് തറവാടും അവിടുത്തെ ആളുകളും ഒക്കെ എന്റെ പ്രിയപ്പെട്ട ആരൊക്കെയോ ആണെന്ന ഒരു പ്രതീതി എന്നിൽ സൃഷ്ടിച്ചെടുക്കാൻ ഈ പുസ്തകത്തിന് സാധിച്ചിട്ടുണ്ട്. ഓരോ പ്രാവശ്യം ഇത് വായിക്കുമ്പോഴും എനിക്കും എന്റെ ബാല്യകാല സ്മരണകൾ എഴുതണം എന്ന അതിയായ ആഗ്രഹം വരും. അപ്പോൾ ഞാൻ എന്തെങ്കിലും കുത്തിക്കുറിക്കും. അത്തരം ചില ചെറുകുറിപ്പുകൾ ഇതാ ...!

## കപ്പടാ മീശക്കാരന്റെ പരിണാമം

അന്ന് ഞായറാഴ്ച ആയതിനാൽ സ്കൂളില്ലായിരുന്നു. ഒരു പത്ത് മണിയായിക്കാണും. ഞാൻ കണ്ണും തിരുമ്മി മെല്ലെ എണീറ്റു കോണിയിറങ്ങി വന്നു. തറവാട്ടിലെ മരഗോവണി ഇറങ്ങുമ്പോൾ ഓരോ കാൽവയ്പും വളരെ ഉച്ചത്തിലായിരിക്കും. കോണി പകുതിയിറങ്ങി താഴേക്ക് നോക്കിയപ്പോൾ കോണിമുറിയിലെ പടിയിന്മേൽ കപ്പടാമീശയും ചുവന്ന കണ്ണുകളുമുള്ള ഒരു മൊട്ട ഇരിക്കുന്നു. ആജാനുബാഹുവായ ഒരു മനുഷ്യൻ. ഒരു മുഷിഞ്ഞ ജുബ്ബയും കള്ളിമുണ്ടുമാണ് വേഷം. കണ്ടാൽ സിനിമകളിലൊക്കെ കാണാറുള്ള ഗുണ്ടകളുടെ തനിരൂപം. അയാളോട് സംസാരിച്ചുകൊണ്ട് വല്ലിമ്മയും അമ്മായിയും സമീപത്ത് തന്നെ നിൽപ്പുണ്ട്. "കുട്ടി ഇങ്ങോട്ടേക്കിറങ്ങി വരൂ. ഞാനൊന്ന് കാണട്ടെ." കർണ്ണ കഠോരമായ ശബ്ദത്തിൽ അയാൾ എന്നോടാജ്ഞാപിച്ചു. ഞാൻ പേടിച്ചു വിറച്ചു. ഞാൻ വല്ലിമ്മയുടേയും അമ്മായിയുടെയും മുഖത്തേക്ക് ദൈന്യതയോടെ നോക്കി. അവിടെയൊന്നും ഒരു ഭാവവ്യത്യാസവുമില്ല. "ഇത് കുട്ട്യാളെ പിടുത്തക്കാരനാ. അന്നെ കൊണ്ടോവാൻ വന്നതാ." അമ്മായിയുടെ മറുപടി. "കൂട്ടീ, വേഗം വരൂ. എനിക്ക് നേരംല്ല." അയാൾ തിരക്ക് കൂട്ടി. എന്റെ മുഖത്തെ ദയനീയഭാവം കണ്ടായിരിക്കണം അയാൾ ഒന്നലിഞ്ഞു. "കുട്ടീടെ യൂനുവാപ്പ ഉണ്ടോ അവിടെ? ഒന്ന് വരാൻ പറയൂ. ഒരു ചങ്ങാതി കാണാൻ വന്നിരിക്കുന്നു എന്ന് പറഞ്ഞാൽ മതി." "ഉം" ഞാൻ തല കുലുക്കി സമ്മതം മൂളി മുകളിലേക്ക് തിരിച്ചു നടന്നു.

ഗോവണി കയറി ചെല്ലുമ്പോൾ വലതു ഭാഗത്ത് ആദ്യം കാണുന്ന മുറിയാണ് യൂനു ആപ്പയുടേത്. തറയിൽ മരപ്പലകകൾ പാകിയ ആ മുറിയ്ക്ക് പെയിന്റിന്റേയും പെൻസിൽ ഷേവിങ്ങിന്റേയും മനോഹര ഗന്ധമാണ്. ഞാൻ മുറി തുറന്ന് നോക്കിയപ്പോൾ മുറിയിലാരുമില്ല. ആ കുട്ടികളെ പിടുത്തക്കാരനിൽ നിന്ന് യൂനു ആപ്പ എന്നെ രക്ഷിക്കുമെന്ന ഒരു പ്രതീക്ഷയുണ്ടായിരുന്നു. അതും നഷ്ടപ്പെട്ടു. ഞാൻ സങ്കടത്തോടെ മെല്ലെ മെല്ലെ താഴേക്കിറങ്ങി. ഓരോ പടിയിറങ്ങുമ്പോഴും ഒരു കുന്നിറങ്ങുന്നതുപോലെയുള്ള ക്ഷീണം എനിക്കനുഭവപ്പെട്ടു. താഴെയെത്തിയപ്പോൾ ആജാനുബാഹു ഇരുന്ന സ്ഥാനത്ത് യൂനു ആപ്പ ഇരിക്കുന്നു. അയാളെ അവിടെയെങ്ങും കാണാനില്ല. എനിക്ക് സന്തോഷമായി. ഞാൻ യൂനു ആപ്പയുടെ അടുത്ത് പോയി ഇരുന്നു. "എന്തേ? കണ്ടില്ലേ?" യൂനു ആപ്പ മെല്ലെ ചോദിച്ചു. ഞാൻ അന്ധാളിച്ച് യൂനു ആപ്പയുടെ മുഖത്തേക്ക് നോക്കി. യൂനു ആപ്പ പതുക്കെ സ്വന്തം തലമുടിയിൽ തടവി കൈയെടുത്തപ്പോൾ കയ്യിൽ ആ തലമുടികൂടി പറിഞ്ഞു പോന്നു. ഞാൻ സൂക്ഷിച്ചു നോക്കിയപ്പോൾ യൂനു ആപ്പയുടെ സ്ഥാനത്ത് ആ കപ്പടാ മീശക്കാരൻ കുട്ടികളെ പിടുത്തക്കാരൻ തന്റെ മൊട്ടത്തലയുമായി ഇരിക്കുന്നു. "ഇത് കണ്ടോ? നിന്റെ യൂനു ആപ്പ ഒരു മാജിക്കുകാരനാണ്. എനിക്ക് തോന്നുമ്പോൾ മുടി തലയിൽ വക്കാനും പുറത്തെടുക്കാനും കഴിയും.'' ഞാൻ ആ മൊട്ടത്തലയൻ തിരിച്ച് വീണ്ടും യൂനു ആപ്പയായി മാറുന്നത് നോക്കി അത്ഭുതത്തോടെ ഇരുന്നു.

## പണിക്കാരിപ്പെണ്ണുങ്ങളുടെ പായാരങ്ങൾ

"എടീ, രാജമ്മേ, ആ നെല്ലിന് നോവൊന്നൂല്ല, ഇജ്ജാ ചട്ടുകം വച്ച് ഇത്തിരി ബലം കൊടുത്തങ്ങട്ട് എളക്കിക്കാളാ..." "ന്റെ പാത്തുംക്കുട്ത്താത്താ....ന്നെ ക്കൊണ്ട് കയ്യ്ണമാതിരിയൊക്കെ ഞാൻ ചെയ്യ്ണുണ്ട്. ങ്ങള് ന്നെ നെല്ല് പുയ്ങ്ങാനൊന്നും പഠിപ്പിക്കണ്ട. ഞാനേയ് എല്ലാ കൊല്ലോം നെല്ല് പീങ്ങാൻ നടക്കാറുള്ളതാ."

കാലത്ത് കിഴക്കേ മുറ്റത്ത് പണിക്കാരി പ്പെണ്ണുങ്ങളുടെ ഉച്ചത്തിലുള്ള സംസാരം കേട്ടാണ് അന്നു ഞാനെണീറ്റത്. ഞാനെഴുന്നേറ്റ് കിഴക്കേ മുറ്റത്തേക്ക് നടന്നു. അവിടെ വീട്ടിലുള്ള പെണ്ണുങ്ങളെല്ലാം ഹാജറുണ്ട്. അനിയത്തീം ബാപ്പുട്ടിയാക്കാന്റവിടുത്തെ മിനീം ഉറക്കച്ചടവ് മാറാതെ തിണ്ടിന്മേൽ ഇരിപ്പുറപ്പിച്ചിട്ടുണ്ട്. ഞാനും അവരോടൊപ്പം ചേർന്നു. "ആഹാ ! പല്ലും കൂടെ തേക്കാതെ കാഴ്ചകണ്ടിരിക്ക്യാണോ? ചെന്ന് പല്ലു തേച്ച് ചായ കുടിച്ചു വാ കുട്ട്യാളെ." വല്ലിമ്മ ഞങ്ങളെ അവിടെ നിന്നും പറഞ്ഞയച്ചു. പണിക്കാർ തമ്മിലുള്ള സംഭാഷണം ഞങ്ങൾ ശ്രദ്ധിക്കാതിരിക്കാൻ

കൂടിയായിരിക്കണം വല്ലിമ്മ ഞങ്ങൾ കുട്ടികളെ അവിടെ നിന്നും പറഞ്ഞയച്ചത്.

ഉമ്മറത്ത് തൂക്കിയിട്ട പാളക്കൊട്ടയിൽ നിന്ന് ഉമിക്കരിയെടുത്ത് ഞാനും അനിയത്തിയും കൂടെ കിണറ്റിൻ കരയിലേക്ക് നടന്നു. അവിടെ നൈലാമ ഞങ്ങൾക്ക് പ്രഭാത കൃത്യങ്ങൾക്കുള്ള വെള്ളം ബക്കറ്റിൽ നിറച്ചു വച്ചിട്ടുണ്ടായിരുന്നു. ഞങ്ങൾ ബക്കറ്റിലെ വെള്ളത്തിൽ മെല്ലെ തൊട്ടു നോക്കി. നല്ല തണുപ്പ്. തണുപ്പ് കാരണം മടിച്ച് മടിച്ച് പല്ലു തേപ്പും മുഖം കഴുകലും തീർക്കാൻ കുറച്ചധികം സമയമെടുത്തു. ഞങ്ങളുടെ പ്രഭാത ഭക്ഷണവും കൂടെ കഴിഞ്ഞ് ഞങ്ങൾ വന്നപ്പോഴേക്കും നെല്ലു പുഴുങ്ങലും അനുബന്ധ കർമ്മങ്ങളും കഴിഞ്ഞ് പണിക്കാരിപ്പെണ്ണുങ്ങൾ മറ്റു ജോലികളിലേക്ക് തിരിഞ്ഞിരുന്നു. നിരാശരായി ഞങ്ങൾ മിനിയേയും കൂട്ടി ഉമ്മറമുറ്റത്തിരുന്നു. അപ്പോഴാണ് അവിടെ വൈക്കോൽ കെട്ടുകൾ കൂനകളായി വച്ചിരിക്കുന്നത് കണ്ടത്. കൊയ്ത്ത് കഴിഞ്ഞാൽ ഇത് സാധാരണയാണ്. ഞങ്ങൾ അത്യുത്സാഹത്തോടെ വൈക്കോൽ കൂനകളിൽ കയറി മറിഞ്ഞ് കളിക്കാനാരംഭിച്ചു. നല്ല രസം! ഒരു പക്ഷേ, വൈക്കോൽ കൂനകളിൽ കയറി മറിഞ്ഞു കളിച്ച അവസാന തലമുറ ഞങ്ങളുടേതാകാം. അപ്പോൾ അതുവഴി വന്ന നൈലാമ ഞങ്ങളെ ശകാരിക്കാൻ തുടങ്ങി, "വൈക്കോലിമ്മേൽ കേറി മറിയല്ലേ കുട്ട്യോളേ, ദേ, ചൊറിയും കെട്ടോ. മാത്രമല്ല, അതിന്റടീല് വല്ല ഇഴജന്തുക്കളും ഇണ്ടെങ്കിൽ കൂടി അറിയില്ല." മമ്മയുടെ ആകെയുള്ള അനിയത്തിയാണ് ഈ നൈലാമ. തൃശൂർ സെന്റ് മേരീസ് കോളേജിൽ പ്രീഡിഗ്രിക്ക് പഠിക്കുന്നു. നീണ്ട അവധി ഉണ്ടെങ്കിൽ മാത്രമേ വീട്ടിൽ വരൂ. നന്നായി പഠിക്കുന്ന കുട്ടിയായതിനാൽ നാട്ടിലും വീട്ടിലും എല്ലാവരുടേയും മുമ്പിൽ ഒരു മാതൃകാ ബാലിക. ഞങ്ങളുടെ മനസ്സിലും ഒരു ആരാധനാപാത്രമായിരുന്നു ഈ നൈലാമ. ഒറ്റക്ക് ഒരു സ്ത്രീ ബസ് കയറി തൃശൂർ വരെ പോണതും അവിടെ കൂട്ടുകാരികളോടൊപ്പം ഹോസ്റ്റലിൽ താമസിക്കുന്നതുമെല്ലാം തനിനാടൻ കുട്ടികളായ ഞങ്ങളുടെ മനസിൽ നൈലാമയോടുള്ള ബഹുമാനം വർദ്ധിപ്പിച്ചു. അതിനാലാവണം അവർ എന്തു പറഞ്ഞാലും ഞങ്ങൾ അനുസരിക്കാൻ മടി കാണിക്കാതിരുന്നത്.

## ഓർമ്മകളുടെ മഞ്ചാടി മണികൾ

ഞങ്ങളുടെ വീടിനു മുമ്പിൽ മതിലിനോട് ചേർന്നു ഒരു മഞ്ചാടി മരമുണ്ട്. ആ മരത്തിലെ മഞ്ചാടിക്കുരുക്കൾ മുഴുവൻ വീഴുന്നത് ഞങ്ങളുടെ വീട്ടുമുറ്റത്തേക്കാണ്. ജ്വലിച്ചു നിൽക്കുന്ന തീനാളം പോലെ കടുംചുവപ്പ് നിറത്തിലുള്ള മഞ്ചാടി മണികൾ. ചെറുപ്പത്തിൽ ആ മഞ്ചാടിക്കുരുക്കൾ പെറുക്കി ഞാനും അനിയത്തിയും കൂടെ ഒരു കൊച്ചു മൺകുടത്തിൽ ഇട്ടു സൂക്ഷിക്കാറുണ്ടായിരുന്നു. ആദ്യമൊക്കെ ആ കുടത്തിലെ മഞ്ചാടിക്കുരുക്കൾ ഇടക്കിടക്ക് ഞങ്ങൾ എണ്ണി നോക്കുമായിരുന്നു. പിന്നീട്, മഞ്ചാടി മണികളുടെ അളവ് കൂടിക്കൂടി വന്നപ്പോൾ എപ്പോഴോ ഞങ്ങൾക്ക് എണ്ണം നഷ്ടപ്പെട്ടു. ഞങ്ങൾ ടി.വി കാണുമ്പോഴും പുസ്തകം വായിക്കുമ്പോഴും ആ കുടത്തിൽ കയ്യിട്ട് ആ മഞ്ചാടിക്കുരുക്കളുടെ മിനുസമേറിയ തണുപ്പ് ആസ്വദിച്ചു വന്നിരുന്നു. ഞങ്ങൾക്ക് വളരെ വിലപ്പെട്ട ഒരു സമ്പാദ്യമായിരുന്നു ആ കുടവും അതിലെ മഞ്ചാടിക്കുരുക്കളും. ആ കുടത്തിൽ മഞ്ചാടിക്കുരുക്കൾ നിറയുമ്പോൾ അത് വച്ച് ഒരു കൊട്ടാരം പണിയുന്നതും ആ മഞ്ചാടി മണികളിൽ ആറാടുന്നതും ഞങ്ങൾ സ്വപ്നം കണ്ടിരുന്നു. പക്ഷേ, കഥയിലെ വില്ലന്മാരെ പോലെ ടി.ടി.സിക്കു പഠിക്കുന്ന ചില അമ്മായികളും എളേമ്മമാരും ഞങ്ങളുടെ ഈ മഞ്ചാടിക്കുരുക്കൾ തട്ടിയെടുക്കാൻ ഇടക്കിടെ രംഗപ്രവേശം ചെയ്യാറുണ്ടായിരുന്നു. അവർക്ക് ചില പ്രൊജക്റ്റുകൾ ചെയ്യാൻ ഈ മഞ്ചാടിക്കുരുക്കൾ വേണമത്രേ. അപ്പോൾ ഈ കുടം ഒളിപ്പിച്ചു വച്ച്, "അയ്യോ ! മഞ്ചാടിക്കുരുക്കൾ സൂക്ഷിച്ച കുടം കാണാനില്ലല്ലോ, എളേമ്മാ" എന്നു പറഞ്ഞ് ഞങ്ങൾ രക്ഷപ്പെടും. ഞങ്ങൾ സ്കൂളിൽ പോയ സമയത്താണ് അവർ ആരെങ്കിലും വരുന്നതെങ്കിൽ ഞങ്ങളോട് സമ്മതം പോലും ചോദിക്കാതെ മമ്മ ആ കുടത്തിലെ മഞ്ചാടിക്കുരുക്കൾ മുഴുവൻ അവർക്ക് കൊടുക്കും. സ്കൂളിൽ നിന്നു തിരിച്ചു വരുമ്പോൾ കാലിക്കുടം കണ്ട് ഞങ്ങൾ കണ്ണീർ പൊഴിക്കും.

ഞങ്ങളുടെ വർഷങ്ങളുടെ ശ്രമഫലമായി ഒടുവിൽ ആ മഞ്ചാടിക്കുടം നിറഞ്ഞു. നിറഞ്ഞ കുടം ഞങ്ങൾ ഭദ്രമായി സൂക്ഷിച്ചു പോന്നു. കാലം കുറേ കഴിഞ്ഞ് പഠനാർത്ഥം ഞാനും അനിയത്തിയും വീട്വിട്ട് വൻ നഗരങ്ങളിലെ ഹോസ്റ്റലുകളിലേക്ക് ചേക്കേറിയപ്പോഴും ഞങ്ങളുടെ ആ നിധികുംഭം ഭദ്രമായി ഞങ്ങളുടെ വീട്ടിലെ പുസ്തക ഷെൽഫിൽ തുടർന്നു. ജീവിതം ഒഴുകിപ്പോയപ്പോൾ ഞങ്ങൾ വിവാഹിതരായി, ഞങ്ങൾക്ക് കുഞ്ഞുങ്ങളായി. ഞങ്ങളുടെ നിധികുംഭം എല്ലാവരാലും വിസ്മരിക്കപ്പെട്ട് ആ പുസ്തക ഷെൽഫിൽ തുടർന്നു. പിന്നീടേതോ ഒരു അവധിക്കാലം ചെലവഴിക്കാൻ കുടുംബസമേതം വീട്ടിലേക്കു പോയപ്പോൾ ഞങ്ങളുടെ കുട്ടികളിലൊരാൾ പുസ്തക ഷെൽഫിൽ നിന്ന് ഈ മഞ്ചാടിക്കുടം വീണ്ടും കണ്ടെടുത്തു. ബാല്യകുതൂഹലതകൾ വീണ്ടും ഉണർന്നു. ഇന്ന് ആ മഞ്ചാടിക്കുരുക്കൾ അവരുടെ കളികളുടെ ഭാഗമാണ്. ഒരു തലമുറയുടെ ബാല്യകാലത്തിന്റെ തിരുശേഷിപ്പ്.





*Oil on Canvas by Dr. Padmini Hannah Noone*

Abdul Azeez Amit Sharma Afsar
Anish PK Abu Madan Ahmed
Abdulla P Ambili
Aneebraj Anatomy
Anjali K Anjali Pandey Anitha TV
Ashik Paediatrics Binoy Anjana V Dalia Deepak
Binoj Bushra Hrishikesh
Ciji Catherine Devraj Deepthi RV
Hitha Gopakumar
Bini Dipu K Dolbarios Fathima Sherin
Angel Hariganesh Harish
Harsha Bindu Faizal Deepu Sebastian
Anu P Anoop C Anupama
Asha Jalal Atul Bhagiaroopa Jayan
Binila Biju Stephen Jaison
Ashib Aquil Jiju Ishwar Jaheersha
Honeyrose Jasmine Jesheena
Anoob John Jishnu Naiji Junais
Nasheeda Mariyam
Arun Baby Iqbal Deepthi Ramakrishnan
Anuradha Akella
Anuraj VT Biju R Forensic
Anuradha Sivarajan Jisha Josmy Lineesh
Lima Liju Lasida Jyothi Vijayakumar Jyothi Sangwan
Pharmacology Lisha
Mansoor
Roshan Retheesh PS Mahesh Babu Manju
Shiras Saleem Zuhail HSQ Merin Manu Madho Kumar O&G
Shereef Nishil Richitra Rimsy Mishal Monika
Nabil Mukund Mukesh
Nipsy Nikhil Suraj
Nadiya Neenu Nilima
Nasheeda Ashraf Nithin
Neeraj
Nithya SPM
Muneera

Preetha
Praveen Preethi Roja
Prasoon Pandey Panjarakunnu
Prashant Gupta Roshi Priya Rachita Prajith
Riza Prathosh Rosemary Sherin Radhika K
Rekha
Remya Shiji Physiology Saji Sajna
Padmaja Pameeli Rosmy Radhika Kaimal Raju P
Noora Renu Ranjith Rajeshwari
Renji Padmini Rejith Rakesh Kumar
Noorudheen
Sachin Nikil Sudarsan Surgery
Sangeetha Sagesh
Raniprabha Raveendran
Portico Retheesh KV Sabarinath
Sajeena Simi Sanoj
Sajjad
Sandhya KP Shija MS
Shihabudheen Medicine Shijin Paladan
Sandhya P Sijith KR Tessy
Saneej Subha Sruthi
Suraj Shabana Silsilah
Shajeera Sivaprasad
Suchith C Sreejith ES Shanty
Shama Parween Shamja Sophia
Microbiology
Sheeba Sudheer Kumar
Suja KG Suja K Mathai Srijith Nair
Suja O Gopalakrishnan
Suneesh Kumar Tils Sweety
Vidya N Suvrat Verma
Tittu Vaidehi Sreejith MK Vimohan Vidya Ramdas
Pathology Vinod GV Vineeth
Vipindas Vinod Scaria
Vineetha Vinu Jose
Volga Vishavdeep Goyal Vani Vipin VB Vipin JP
Zebunnisa
Wales Biochemistry